" ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനക്കാര്യം- നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കി കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.1510/2019/ധന** **തീയതി,തിരുവനന്തപുരം,27/02/2019.**

പരാമർശം :- 1) സ.ഉ(സാധാ)നം.6707/2018/ധന, തീയതി 06/08/2018

2) നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് രജിസ്ട്രാറുടെ 15/09/2018-ലെ NUALS/S1/276/2018 നം കത്ത്.

**ഉത്തരവ്**

നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ 2017-18 സാമ്പത്തിക വർഷം മുതലുള്ള ഓഡിറ്റ് ചുമതല കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 10-03-2018 ലെ നാഷണൽ യീണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം ടി സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നിർവഹിക്കുന്നതിന് വിജയരാജൻ & അസ്സോസിയേറ്റ്സ് എന്ന ഓഡിറ്റ് സ്ഥാപനത്തെ നിയമിച്ചിട്ടുണ്ടെന്നും പ്രസ്തുത ഓഡിറ്റ് ഭൂരിഭാഗവും പൂർത്തിയായി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അവസാനഘട്ടത്തിലാണെന്നും ആയതിനാൽ ടി ഓഡിറ്റിന്റെ ആവർത്തനമാകും പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് വകുപ്പ് നിർവഹിക്കുന്നതെന്നും ആയതിനാൽ പരാമർശം 1-ലെ ഉത്തരവിൽ ഭേദഗതി വരുത്തി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ 2018-19 സാമ്പത്തിക വർഷം മുതലുള്ള ഓഡിറ്റ് ചുമതല കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസസ് ലീഗൽ സ്റ്റഡീസ്, രജിസ്ട്രാർ പരാമർശം 2-ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ സി & എ.ജി യുടെ ഓഡിറ്റിനു വിധേയമാക്കി വരുന്നതിനാലും ടി സ്ഥാപനത്തിന്റെ ഓഡിറ്റ് നിർവഹിക്കുന്നതിൽ നിന്നും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഒഴിവാക്കുന്നതിനായി, പരാമർശം 1 ലെ സർക്കാർ ഉത്തരവ്

റദ്ദാക്കിക്കൊണ്ടും യൂണിവേഴ്സിറ്റിക്കു തന്നെ അനുയോജ്യരായ ചാർട്ടേഡ് അക്കൗണ്ടന്റ്മാരെ കൊണ്ട് ഓഡിറ്റ് നടത്തുന്നതിനുള്ള അനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി.ജി**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
ഫയൽ നം . എസ്റ്റാ.ഡി1/132/2017/ധന(ഇ: 636460)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ